(ഡി) ചേർത്തല താലൂക്കിൽപ്പെട്ട വയലാറിൽ ഏറ്റെടുത്ത സ്ഥലം സ്വകാര്യ വ്യക്തിക്ക് പതിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ എന്തുമാത്രം സ്ഥലം എന്തു വിലയ്ക്കാണ് സ്വകാര്യ വ്യക്തിക്ക് നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

*ഉത്തരം*

(എ) വ്യവസായ വളർച്ചാ കേന്ദ്രത്തിനായി നാല് ജില്ലകളിൽ നിന്ന് സ്ഥലം എടുത്തിട്ടുണ്ട്. അവ താഴെപ്പറയുന്നു:

| | | |
|---|---|---|
| 1. കണ്ണൂർ | 264 | ഏക്കർ |
| 2. കോഴിക്കോട് | 308 | „ |
| 3. മലപ്പുറം | 257 | „ |
| 4. ആലപ്പുഴ | 270 | „ |

(ബി) മുകളിൽ പറഞ്ഞ നാലു കേന്ദ്രങ്ങളിലും വ്യവസായ വളർച്ചാ കേന്ദ്രങ്ങളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

(സി) വിശദാംശം അനുബന്ധം ആയി ചേർത്തിരിക്കുന്നു.†

(ഡി) ചേർത്തല വ്യവസായ വളർച്ചാ കേന്ദ്രത്തിൽ നിന്നും സ്വകാര്യ വ്യക്തികൾക്ക് സ്ഥലം പതിച്ചു നൽകിയിട്ടില്ല.

**വിദേശ നിക്ഷേപം ആകർഷിക്കുന്നതിന് പദ്ധതി**

118 [471] *ശ്രീ. തോമസ് ചാഴികാടൻ:*

„ *സാഷി അഗസ്റ്റിൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ നിക്ഷേപം ആകർഷിക്കുന്നതിന് ഏതൊക്കെ മേഖലയെ ബന്ധപ്പെടുത്തിയാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ നിക്ഷേപ സാധ്യത വിലയിരുത്തുന്നതിന് വിദേശ നിക്ഷേപകർ സർക്കാരിനെ സമീപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ മേഖലയിൽ നിക്ഷേപം നടത്താനാണ് താൽപര്യം പ്രകടിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) എത്ര കോടി രൂപയുടെ നിക്ഷേപമാണ് ഇതിലൂടെ സർക്കാർ പ്രതീക്ഷിക്കുന്നത്;

(ഡി) കൂടുതൽ നിക്ഷേപകരെ പ്രസ്തുത പദ്ധതികളിലേക്ക് ആകർഷിക്കുന്നതിന് സർക്കാർ ഊർജ്ജിതശ്രമം നടത്തുമോ?

---

† അനുബന്ധം XIV

LIBRARY ARCHIVES Kerala Legislative Assembly

*ഉത്തരം*

(എ) വിദേശ നിക്ഷേപം ആകർഷിക്കുന്നതിനായി പശ്ചാത്തല സൗകര്യം, വിനോദ സഞ്ചാരം, പെട്രോകെമിക്കൽസ്, ആതുരശുശ്രൂഷ, പ്രകൃതി വാതകാധിഷ്ഠിത പദ്ധതികൾ മുതലായ മേഖലകൾക്ക് പ്രാഥമിക പദ്ധതി വിവരങ്ങൾ തയ്യാറാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ വിദേശ നിക്ഷേപ സാധ്യത വിലയിരുത്തുന്നതിന് ഖത്തർ, സിങ്കപ്പൂർ, ഇറ്റലി തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള ഉന്നതതല സംഘങ്ങളുമായി ചർച്ചകൾ നടത്തിവരുന്നു. പ്രസ്തുത പ്രതിനിധി സംഘങ്ങൾ ടെക്സ്റ്റൈൽസ്, ഗാർമെന്റ്സ്, അടിസ്ഥാന സൗകര്യം, പെട്രോകെമിക്കൽസ്, ഹെൽത്ത് കെയർ, ടൂറിസം, പ്ലാസ്റ്റിക് സംസ്ക്കരണം തുടങ്ങിയ മേഖലകളിലാണ് താൽപര്യം കാട്ടിയിരിക്കുന്നത്.

(സി) ഇതു സംബന്ധിച്ച ചർച്ചകൾ വിജയപ്രദമാവുകയാണെങ്കിൽ ഏതാണ്ട് പതിനായിരം കോടി രൂപയുടെ നിക്ഷേപം കേരളത്തിൽ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) പ്രസ്തുത പദ്ധതികളിലേക്ക് കൂടുതൽ നിക്ഷേപകരെ ആകർഷിക്കുന്നതിനായി സിങ്കപ്പൂർ, മലേഷ്യ എന്നിവിടങ്ങളിൽ വ്യവസായികളുമായി ചർച്ചകൾ സംഘടിപ്പിക്കുകയുണ്ടായി. അന്താരാഷ്ട്ര തലത്തിലുള്ള നിക്ഷേപകരുമായി തുടർച്ചയായി ബന്ധപ്പെട്ട് ചർച്ചകൾ നടത്തിവരുകയാണ്.

## പുനലൂർ പേപ്പർ മില്ലും കേരള സർക്കാരും തമ്മിൽ ഒപ്പുവച്ച ധാരണാപത്രം

119 [474] *ശ്രീ. പി. എസ്. സുപാൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) പുനലൂർ പേപ്പർമിൽ മാനേജ്മെന്റും കേരള സർക്കാരും തമ്മിൽ 2007 മേയ് മാസം ഒപ്പുവച്ച ധാരണാപത്രം മാനേജ്മെന്റ് ലംഘിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇപ്പോൾ ഈ ധാരണാപത്രം നിലനിൽക്കുന്നുണ്ടോ;

(സി) ഈ ധാരണാപത്രം പ്രകാരം മിൽ മാനേജ്മെന്റിന് ഏതെല്ലാം കടബാദ്ധ്യതകളിൽ നിന്നും ഇളവുകൾ നൽകുകയും ഒഴിവാക്കുകയും ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) ഗ്രാറ്റുവിറ്റി, പി. എഫ്., ശമ്പളക്കുടിശ്ശിക എന്നീ ഇനങ്ങൾ ഇനി എത്ര തൊഴിലാളികൾക്ക് നൽകുവാനുണ്ട്; ഇതു സംബന്ധിച്ച് സർക്കാർ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly.